**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1921** **11-10-2024 - ൽ മറുപടിയ്ക്ക്**

**കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2020-21 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 1.5 കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | 2020 - 21 സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെട്ട മലമ്പുഴ നിയോജക മണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണത്തിനായി സർക്കാർ ഉത്തരവ് (സാധാ) നം. 62/2023/കാ.യു.വ തിയ്യതി 23.02.2023 പ്രകാരം 1.50 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിരുന്നു. ടി പദ്ധതിക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 1,39,12,000/- രൂപയുടെ സാങ്കേതികാനുമതി നൽകി 09.08.2023 തീയ്യതിയിൽ ദർഘാസ് ക്ഷണിച്ചിരുന്നു. എന്നാൽ ടി ദർഘാസിൽ ഒരാൾ മാത്രമേ പങ്കെടുത്തിരുന്നുള്ളു ആയതിനാൽ 08.09.2023 ൽ പുനർദർഘാസ് ക്ഷണിക്കുകയും ആയതിൻ പ്രകാരം 4 ബിഡ്ഡുകൾ ലഭിക്കുകയും ചെയ്തു. അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. എം. ഷഫീഖ്, കോഴിക്കോട് എന്ന കരാറുകാരനുമായി 06.02.2024 ൽ കരാറിൽ ഏർപ്പെട്ടുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനകം 40% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി പ്രകാരം എന്തെല്ലാം നിർമ്മാണ, നവീകരണ പ്രവൃത്തികളാണ് നടത്തുവാൻ വിഭാവനം ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കാമോ? | (ബി) | പ്രസ്തുത പ്രവൃത്തിയിൽ പ്രധാനമായും ഗ്രൗണ്ട് നവീകരണം, ടോയ്‌ലറ്റ് ബ്ലോക്ക്, റീട്ടെയിനിംഗ് വാൾ, കോമ്പൗണ്ട് വാൾ, ഗ്യാലറി, ഡ്രെയിനേജ്, ഫെൻസിംഗ്, ഫ്ളെഡ് ലൈറ്റ്, അനുബന്ധ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഗ്രൗണ്ട് നവീകരണം, ഡ്രെയിനേജ്, ഫെൻസിംഗ്, ഫ്ളെഡ് ലൈറ്റ്, അനുബന്ധ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ എന്നീ ഘടകങ്ങൾ ഇനി പൂർത്തീകരിക്കാനുണ്ട്. 2024-ഡിസംബർ മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ